**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2203** **01-09-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ആന്റണി ജോൺ** | | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | കോതമംഗലം മണ്ഡലത്തിലെ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി മുഖേന റേഷൻ എത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടംപുഴ പഞ്ചായത്തിലെ വിദൂര പ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന ആദിവാസി ഊരുകളായ തേര, വാരിയം, ഉറിയംപെട്ടി എന്നിവിടങ്ങളിലേക്ക് നിലവിൽ സഞ്ചരിക്കുന്ന റേഷൻ കട വഴി റേഷൻ സാധനങ്ങൾ വിതരണം നടത്തി വരുന്നുണ്ട്.<br><br>കോതമംഗലം മണ്ഡലത്തിലെ ആദിവാസി മേഖലകളിൽ ട്രൈബൽ ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ST പ്രൊമോട്ടർമാർക്കും ആദിവാസി ഊരുകളിൽപ്പെട്ട പഞ്ചായത്തിലെ മെമ്പർമാർക്കും CDS മെമ്പർമാർക്കും കോതമംഗലം താലൂക്കിലെ പഞ്ചായത്ത് മെമ്പർമാർക്കും ഭക്ഷ്യ ഭദ്രത നിയമം അനുശാസിക്കും പ്രകാരമുള്ള സെമിനാറുകളും ബോധവത്കരണ ക്ലാസ്സുകളും നടത്തിയിട്ടുണ്ട്. സംസ്ഥാന ഭക്ഷ്യക്കമ്മീഷൻ പ്രസ്തുത മണ്ഡലത്തിൽ 12 ഭാസുര യൂണിറ്റുകൾ രൂപീകരിക്കുകയും ട്രൈബൽ പ്രൊമോട്ടർമാർക്ക ക്ലാസ്സുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.<br><br>വനമേഖലയിലെ അപകട സാഹചര്യത്തിലും, പ്രതികൂല കാലാവസ്ഥയിലും, ആദിവാസി പ്രൊമോട്ടർമാരുടെ സഹകരണത്തോടെ റേഷനിംഗ് ഇൻസ്പെക്ടർമാർ ഊരുകളിൽ നേരിട്ടെത്തി കാര്യക്ഷമതയോടുകൂടി പരാതിക്കിടവരാതെ റേഷൻ വിതരണം നടത്ത് വരുന്നു. ഇപ്രകാരം അർഹതപ്പെട്ട റേഷൻ വിഹിതം കൃത്യമായി ഓരോ കാർഡുടമയ്ക്കും ലഭിക്കുന്നുണ്ടെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉറപ്പ് വരുത്തുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കോതമംഗലം മണ്ഡലത്തിലെ ആദിവാസി മേഖലകളിൽ ഭക്ഷ്യ ഭദ്രത സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ; | (ബി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (സി) | കോതമംഗലം മണ്ഡലത്തിലെ ആദിവാസി മേഖലകളിൽ പ്രതികൂല കാലാവസ്ഥയിൽ റേഷൻ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | ക്ലോസ് (എ) യുടെ ഉത്തരം കണ്ടാലും. |
| (ഡി) | ആദിവാസി ഊരുകളിലെ റേഷൻ വിതരണം സുഗമമാക്കുന്നതിന് വേണ്ടി സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി കോതമംഗലം മണ്ഡലത്തിലെ കൂടുതൽ ആദിവാസി കോളനികളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | കോതമംഗലം മണ്ഡലത്തിലെ കുട്ടംപുഴ പഞ്ചായത്തിലെ മാമലക്കണ്ടം പ്രദേശത്തുള്ള ആദിവാസി ഊരുകളിൽ കൂടി സഞ്ചരിക്കുന്ന റേഷൻ കട പദ്ധതി വഴി റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ